# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.
ഫോൺ : 0471 2315156; ഫാക്സ് :0471 2315156;
ഇമെയിൽ: devaswomcommissionertdb@gmail.com

ആർ.ഒ.സി.12117/15/TEPF/DPF

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം, 20/07/2015.

## സർക്കുലർ

വിഷയം :- എസ്റ്റാബ്ളിഷ്മെന്റ്, ക്ഷേത്ര ജീവനക്കാരുടെ പിഎഫ് അക്കൗണ്ടിൽ തുക യഥാസമയം പിടിത്തം വരുത്തുന്നതിലെ വീഴ്ച സംബന്ധിച്ച്.

സൂചന :- തിരുവിതാംകൂർ ദേവസ്വം എംപ്ളോയീസ് ഫ്രണ്ടിന്റെ 25/4/2015-ലെ കത്ത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ ജോലി നോക്കിവരുന്ന എസ്റ്റാബ്ളിഷ്മെന്റ്/ക്ഷേത്രജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിത്തം വരുത്തുന്ന പ്രോവിഡന്റ് ഫണ്ട് തുക യഥാസമയം അതാത് ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ ഒടുക്കുവരുത്താത്തതുമൂലം ജീവനക്കാർക്ക് തങ്ങളുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നുവെന്ന് വ്യാപക മായിവരുന്ന പരാതികളുടെ നിജസ്ഥിതി ഗൗരവമായി ഈ ആഫീസ് കാണുന്നു. എസ്റ്റാബ്ളിഷ്മെന്റ് / ക്ഷേത്രജീവനക്കാർക്ക് ലഭിക്കേണ്ടതായ പ്രോവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ യഥാസമയം എഴുതി അയയ്ക്കേണ്ട ഉദ്യോഗസ്ഥർ ആയതിൽ വരുത്തുന്ന വീഴ്ച ജീവനക്കാർക്ക് കടുത്ത സാമ്പത്തിക നഷ്ടം വരുത്തുവാൻ ഇടയാക്കുന്നു. ഇപ്രകാരം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ പ്രസ്തുത ജീവനക്കാർക്ക് നിയമാനുസൃതം ലഭിക്കേണ്ടതായ തുക ആഡിറ്റ് വേളയിൽ ടി ഉദ്യോഗസ്ഥരുടെ ചുമതല ഇനത്തിൽ കണക്കാക്കുകയും, കൂടാതെ കൃത്യനിർവ്വഹണത്തിൽ വരുത്തിയ വീഴ്ചയ്ക്ക് ഡിപ്പാർട്ട്മെന്റ് തല അച്ചടക്ക നടപടികൾക്ക് വിധേയമാക്കുന്നതുമാണ്. ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ നേതൃത്വത്തിൽ നടന്ന പി.എഫ്. അദാലത്തിൽ വിവിധ ദേവസ്വങ്ങളിൽ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിലേയ്ക്ക് പോകേണ്ട തുക എഴുതി അയച്ചിട്ടില്ലായെന്നതു ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ആയത് കൃത്യം പതിനൊന്ന് ദിവസത്തിനകം ക്ലിയർ ചെയ്ത് പ്രസ്തുത നടപടി വിവരം ഈ ആഫീസിൽ അറിയിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

പകർപ്പ്

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്&സെക്യൂരിറ്റി)
3. ചീഫ് എഞ്ചിനീയർ (ജനറൽ)
4. ഫൈനാൻസ് &അക്കൗണ്ട്സ് ഓഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
6. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
7. ഡയറക്ടർ , കൾച്ചറൽ അഫയേഴ്സ്
8. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
   തിരുവനന്തപുരം/പത്തനംതിട്ട/ഹരിപ്പാട്/വൈക്കം
9. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ,
   നെയ്യാറ്റിൻകര, തിരുവനന്തപുരം, ഉള്ളൂർ, വർക്കല, കൊല്ലം
   പുനലൂർ, കൊട്ടാരക്കര, തിരുവല്ല, മുണ്ടക്കയം, ആറന്മുള
   കരുനാഗപ്പള്ളി, അമ്പലപ്പുഴ, ചങ്ങനാശ്ശേരി, മാവേലിക്കര, ഹരിപ്പാട്
   കോട്ടയം, ഏറ്റുമാനൂർ, വൈക്കം, പറവൂർ, തൃക്കാരിയൂർ
10. അസിസ്റ്റന്റ് ദേവസ്വം ആഡിറ്റ് ഓഫീസർ
    കൊട്ടാരക്കര/ആലുവ/തിരുവല്ല
11. അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ
    തിരുവനന്തപുരം/അമ്പലപ്പുഴ/വൈക്കം
12. വിജിലൻസ് ഓഫീസർ
    മാവേലിക്കര/വൈക്കം
13. സെക്ഷൻ ഫയൽ
14. ഫെയർ ഓഫീസ് കോപ്പി.
15. EDP Section, TDB.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)